**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **02-08-2021 - ൽ മറുപടിയ്ക്ക്**

**നിർദ്ദിഷ്ട അഴീക്കോട്-മുനമ്പം പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ, എറണാകുളം ജില്ലകളുടെ തീരദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട്-മുനമ്പം പാലത്തിന്റെ തറക്കല്ലിട്ട് 11 വർഷം കഴിഞ്ഞുവെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ അനന്തമായി നീളുകയാണെന്നത് കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | അഴിക്കോട് മുനമ്പം പാലം നിർമ്മാണത്തിന് കിഫ്ബി 2017-2018പദ്ധതിയിൽ ഉൾപ്പെടുത്തി തത്ത്വത്തിലുള്ള ഭരണാനുമതിയും 154.626 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പാലം യാഥാർത്ഥ്യമാക്കുന്നതിന് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) | അഴിക്കോട് മുനമ്പം പാലം നിർമ്മാണത്തിന് കിഫ്ബി 2017-2018പദ്ധതിയിൽ ഉൾപ്പെടുത്തി തത്ത്വത്തിലുള്ള ഭരണാനുമതിയും 154.626 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്. |
| (സി) | പ്രവൃത്തി അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തി നീണ്ടു പോകുന്നതിൽ ഉദ്യോഗസ്ഥരുടെ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ